(ഇ) ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിന് എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) യോഗനടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. രണ്ടാഴ്ച കാലയളവാണ് നിശ്ചയിച്ചിരുന്നത്. കൺസൂക്ഷൻ കോർപ്പറേഷന് ഒരു വിധത്തിലും ഈ പണി ഏറ്റെടുത്ത് മുന്നോട്ട് കൊണ്ടു പോകാൻ കഴിയില്ലെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്.

(ഡി) തീരുമാനങ്ങൾ നടപ്പാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) മുകളിൽ പറഞ്ഞ തീരുമാന പ്രകാരം പ്രസ്തുത പണിയുടെ കൺസൂക്ഷൻ കോർപ്പറേഷനുമായുള്ള എഗ്രിമെന്റ് നിയമാനുസൃതം അവസാനിപ്പിക്കുന്നതിനും ശേഷിക്കുന്ന പണികൾ കെ.എസ്.സി.സി.-യുടെ നഷ്ടോത്തരവാദിത്വത്തിൽ പുനഃക്രമീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അങ്കമാലി ബൈപ്പാസ് പദ്ധതി

296 (1340) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ 1000 കോടി പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്നതും സർവ്വെയും, അലൈൻമെന്റും, പ്രാഥമിക പഠനവും പൂർത്തിയാക്കിയിട്ടുള്ളതുമായ അങ്കമാലി ബൈപ്പാസ് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) ഇത് എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) അങ്കമാലി ബൈപ്പാസ് ഇനിയും നടപ്പിലാകാത്തതിന്റെ കാരണം വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) അങ്കമാലി ബൈപ്പാസിന് PPP മാതൃകയിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കുന്നതിന് കിറ്റ്കോ എന്ന കൺസൾട്ടന്റ് സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്. കിറ്റ്കോ പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കി RBDCK-യ്ക്ക് സമർപ്പിച്ചതിനെ തുടർന്ന് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമായ ശേഷം ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

കൊരട്ടി ജംഗ്ഷനിലെ സിഗ്നൽ സംവിധാനം

297 (1341) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത 47 ലെ കൊരട്ടി ജംഗ്ഷനിൽ സിഗ്നൽ സംവിധാനം സ്ഥാപിക്കുന്നതിനോടൊപ്പം നടപ്പാക്കുന്നതിനായി നാറ്റ്പാക്ക് നിർദ്ദേശിച്ച സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം സംവിധാനങ്ങളാണ് കൊരട്ടി ജംഗ്ഷനിൽ ഇതിന്റെ ഭാഗമായി ഏർപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുള്ളത് ;

(സി) കൊരട്ടി ജംഗ്ഷനിലെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിനായി ഫ്ലൈഓവർ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) കൊരട്ടി ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സ്ഥാപിച്ചിട്ടുണ്ട്. നാറ്റ്പാക്കിന്റെ നിർദ്ദേശത്തിന്മേൽ തുടർനടപടികൾ കൈക്കൊണ്ടിട്ടില്ല.

(സി) കൊരട്ടി ജംഗ്ഷനിൽ ഫ്ലൈ ഓവർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് പ്രവൃത്തികൾ

298 (1342) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് മുഖേന ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് നിയോജകമണ്ഡലം അതിർത്തി അടിസ്ഥാനമാക്കി വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly